**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4107** — **17-03-2025 - ൽ മറുപടിയ്ക്ക്**

**ഹോംസ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കുന്നതിന് ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്ക് ഇല്ലാത്തതിനാൽ അനുമതി നൽകാൻ സാധിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് കേരള ഹോംസ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട മീറ്റിങ്ങുകൾ നടന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. 25/11/2024 -ലെ യോഗ തീരുമാനപ്രകാരം ഐ.എൽ.ജി.എം.എസ് പോർട്ടലിൽ സർവ്വീസ്ഡ് വില്ല എന്ന സംരംഭം കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഹോംസ്റ്റേകൾക്ക് ലൈസൻസ് ലഭ്യമാകുന്ന രീതിയിൽ ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്ക് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | നിയമവിധേയമായ എല്ലാ വ്യവസായ വാണിജ്യ സംരംഭങ്ങൾക്കും ലൈസൻസ് നൽകുന്ന രീതിയിൽ 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിലൂടെ പഞ്ചായത്ത് പരിധിയിലെ നിയമപരമായ എല്ലാ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും സുഗമമായി ലൈസൻസ് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ